# 11th India-Finland Foreign Office Consultations

November 24, 2021

---

## 11 മത് ഇന്ത്യ- ഫിൻലൻഡ് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ

നവംബർ 24, 2021

1. ഇന്ത്യയും ഫിൻലൻഡും തമ്മിലുള്ള 11 മത് ഘട്ട ഫോറിൻ ഓഫീസ് കൺസൾട്ടേഷൻ 2021 നവംബർ 23-ന് ഹെൽസിങ്കിയിൽ നടന്നു. ഇന്ത്യൻ വിഭാഗത്തെ വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) ശ്രീമതി റീനത്ത് സന്ധുവും ഫിന്നിഷ് പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ സ്ഥിരം സെക്രട്ടറി ശ്രീ. മാറ്റി ആന്റണനും നയിച്ചു.

2. ജനാധിപത്യം, സ്വാതന്ത്ര്യം, നിയമവാഴ്ച, മനുഷ്യാവകാശങ്ങളോടുള്ള ബഹുമാനം എന്നീ പൊതു മൂല്യങ്ങളിൽ അടിയുറച്ച ഊഷ്മളവും സൗഹൃദപരവുമായ ബന്ധമാണ് ഇന്ത്യയും ഫിൻലൻഡും തമ്മിലുള്ളത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രധാനമന്ത്രി സന്ന മരിനും തമ്മിൽ 2021 മാർച്ച് 16 ന് നടന്ന വെർച്വൽ ഉച്ചകോടി ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങൾക്ക് ആക്കം കൂട്ടി.

3. വ്യാപാരം, നിക്ഷേപം, എസ് & ടി, വിദ്യാഭ്യാസം, ഡിജിറ്റൈസേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കംപ്യൂട്ടിംഗ്, നവീകരണം, സുസ്ഥിര വികസനം, സര്ക്കുംലർ സമ്പദ്വ്യവസ്ഥ കൂടാതെ പുനരുപയോഗ ഊര്ജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ നമ്മുടെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ഉൾപ്പെടെ ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വശങ്ങളും ചർച്ച ചെയ്യാൻ വിദേശ കാര്യാലയ കൺസൾട്ടേഷനുകൾ അവസരമൊരുക്കി. വെർച്വൽ ഉച്ചകോടിക്ക് ശേഷമുള്ള പുരോഗതി ഇരുപക്ഷവും അവലോകനം ചെയ്യുകയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ബഹിരാകാശം, സ്റ്റാർട്ടപ്പുകൾ, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ പുതിയ മേഖലകളിൽ സഹകരണാ വസരങ്ങൾ കണ്ടെത്തുന്നതിനും സമ്മതിച്ചു.

4. ഇന്ത്യയിൽ 100-ലധികം ഫിന്നിഷ് കമ്പനികളുടെയും ഫിൻലൻഡിലെ 30 ഇന്ത്യൻ കമ്പനികളുടെയും സാന്നിധ്യം പരസ്പരമുള്ള സമ്പദ്വ്യവസ്ഥകളിൽ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ഇരുപക്ഷവും അഭിപ്രായപ്പെട്ടു. മേക്ക് ഇൻ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ മുൻനിര സംരംഭങ്ങളിലേക്ക് സംഭാവന നൽകാൻ ഫിന്നിഷ് കമ്പനികളെ ഇന്ത്യൻ പക്ഷം ക്ഷണിക്കുകയും ചെയ്തു.

5. വിദ്യാർത്ഥികളുടേയും പ്രൊഫഷണലുകളുടേയും ഗതാഗതം ഉൾപ്പെടെ ഇരു രാജ്യങ്ങൾക്കുമിടയിൽ ആവശ്യമായ വര്ദ്ധി ച്ച ചലനാത്മകതയെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു. ഈ സാഹചര്യത്തിൽ, ഇന്ത്യയ്ക്കും ഫിൻലൻഡിനുമിടയിൽ നേരിട്ടുള്ള വിമാന സർവീസുകൾ പുനരാരംഭിക്കാൻ സഹായിക്കുന്ന എയർ ബബിൾ ക്രമീകരണത്തിൽ അവർ സംതൃപ്തി രേഖപ്പെടുത്തി.

6. ഇരു രാജ്യങ്ങളിലെയും കോവിഡ്-19 സാഹചര്യത്തെക്കുറിച്ചും വാക്സിനേഷൻ ഡ്രൈവിനെക്കുറിച്ചും ഇരുപക്ഷവും ചർച്ച ചെയ്തു. കാലാവസ്ഥാ വ്യതിയാനം, 2030 എസ്ഡിജി അജണ്ട എന്നിവയും ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 വർഷത്തിൽ ഫിന്നിഷ് പക്ഷം ഇന്ത്യയെ അഭിനന്ദിക്കുകയും ഈ സുപ്രധാന സന്ദർഭത്തിന്റെ സ്മരണയ്ക്കായി സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കാൻ പ്രതീക്ഷിക്കുന്നതായി അറിയിക്കുകയും ചെയ്തു.

8. അഫ്ഗാനിസ്ഥാൻ, ഇന്തോ-പസഫിക്, ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തം, ആർട്ടിക്, അന്റാർട്ടിക് മേഖലകളിലെ സഹകരണം, COP-26 എന്നിവയുൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി.യുഎൻ മനുഷ്യാവകാശ കൗൺസിലിലും (2022-2024) മറ്റ് ബഹുമുഖ വേദികളിലും തങ്ങളുടെ കാലയളവിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇരുപക്ഷവും സമ്മതിച്ചു.

9. സെക്രട്ടറിയും (വെസ്റ്റ്) . ഫിൻലാൻഡിന്റെ വിദേശകാര്യ മന്ത്രി പെക്ക ഹവിസ്റ്റോ ഉഭയകക്ഷി ബന്ധങ്ങളിലെ നല്ല പാതയെക്കുറിച്ച് ചർച്ച ചെയ്യുകയും പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ വീക്ഷണങ്ങൾ കൈമാറുകയും ചെയ്തു.

**ഹെൽസിങ്കി**

**നവംബർ 23, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.